ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം- സാങ്കേതികം- ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- കേരള പി.എസ്.സി. ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ ₹ 55200-115300 ശമ്പള നിരക്കിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയിൽ താത്ക്കാലികമായി നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജീവനക്കാര്യം ( സി) വിഭാഗം**

**നം. EC2/22750 /21/DTE** **തിരുവനന്തപുരം, തീയതി:03-07-2026**

വായന :- 1.കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 27.09.2025 ലെ RIC-1/23/2024-KPSC നമ്പർ നിയമന ശുപാർശ കത്ത്.
2.05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.49/74/പിഡി.
3.18.07.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(എംഎസ്) നം.170/74/പിഡി.
4.29.03.1990-ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടംനം.3737/റൂൾസ്/1/90പി&എആർഡി.
5.15.02.1991-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി) നം.7/91/പി&എആർഡി.
6.06.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി) നം.15/2011/പി&എആർഡി.
7.30.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.20/2011/പി&എആർഡി.
8.07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.20/2013/ഫിൻ.
9.03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.149/2013/ഫിൻ.
10.15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.171/2016/ഫിൻ
11.08.11.2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.366/2012/ഉ.വി.വ.
12.20.02.2014 -ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഓ (എം എസ്) 75/2014/ഫിൻ.
13. 10.02.2021 -ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഒ (പി ) 27/2021/ഫിൻ.
14. 05.11.2024 ലെ ജി. ഒ (പി ) നം. 77/2024/Home.
15. 28-02-2026 ലെ സ. ഉ (കൈ ) നം. 150/2026/HEDN .

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയിലേക്ക് ₹ 55200-115300 രൂപ ശമ്പള നിരക്കിൽ നിയമനത്തിനായി പരാമർശം (1) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിരിക്കുന്നു താഴെ പേരു ചേർത്തിട്ടുള്ള ഉദ്യോഗാർത്ഥിയെ 1958-യിലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9 (a) (i) എന്നിവയ്ക്ക് വിധേയമായി താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയ്ക്കു മാത്രമേ ഉദ്യോഗാർത്ഥി ക്രമവൽക്കൃത നിയമനത്തിന് അർഹത നേടുകയുള്ളൂ.

<u>നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

| ക്രമ നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | **MANU M**<br>THIRUVONAM, TC 8/604(6) ODANKUZHI, THIRUMALA THIRUVANANTHAPURAM 695006 | **GOVERNMENT COLLEGE OF ENGINEERING, THIRUVANANTHAPURAM** |

**1.** ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, വായന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

**2.** ഉദ്യോഗാർത്ഥി വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി/സമുദായം എന്നിവ തെളിയിക്കുന്ന

അസ്സൽ രേഖകൾ സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവി മുൻപാകെ **07.07.2026 മുതൽ 14.07.2026 വരെയുള്ള** കാലയളവിനുള്ളിൽ കർത്തവ്യനിർവ്വഹണത്തിന് ഹാജരാക്കേണ്ടതാണ്. കൂടാതെ, കേരള സർവ്വീസ് ചട്ടം ഭാഗം 1 ചട്ടം 13-ൽ നിഷ്‌കർഷിക്കുന്ന രീതിയിൽ അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ-ഫിററ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥി തൻറെ ഫോട്ടോയും വിരലടയാളവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

**3.** ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശുപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ടിയാൾക്കു പുനർ നിയമനത്തിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതും അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതുമാണ്.

**4.** സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയ്യതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**5.** സ്ഥാപന മേധാവി, ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനന തീയ്യതി, ജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുമായി ഒത്തുനോക്കി ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**6.** ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും വായന (14) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

**7.** ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമിലയർ സർട്ടിഫിക്കറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**8.** ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്, കേരള പി.എസ്.സിയിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റുമായി ഒത്തുനോക്കി സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും, അവ പേഴ്സണൽ മെമ്മോറാണ്ടം, പി എസ് സി പരിശോധനക്കായുള്ള സ്റ്റേററ്മെൻറ് എന്നീ രേഖകളോടൊപ്പം ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

**9.** വായന (8) & (9) എന്നീ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.04.2013 ന് ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തിയായിരിക്കും.

**10.** വായന (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**Dr JAYAPRAKASH P**
**DIRECTOR**

പകർപ്പ്

**1. MANU M , Thiruvonam, TC 8/604(6) ODANKUZHI, THIRUMALA, THIRUVANANTHAPURAM, 695006**

2. പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം. (ശിപാർശ കത്തിൻറെ പകർപ്പ്, അസ്സൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം).

3. അക്കൗണ്ടൻറ് ജെനറൽ (എ & ഇ), തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

4. കരുതൽഫയൽ /ഓഫീസ് പകർപ്പ്

Digitally signed by
Jayaprakash P
Date: 03-07-2026
11:51:14